ആയിരിക്കണം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസ്സാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

കണ്ണൂർ സൈബർ പാർക്ക്

269 (614) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) നബാർഡ് വായ്പ അനുവദിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന 25 ഏക്കർ ഭൂമിയിലെ സൈബർപാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിലേക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമുള്ള ഒരേക്കർ ഭൂമിയുടെ അക്വിസിഷൻ, കൈമാറ്റ നടപടി ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഒരേക്കർ ഭൂമിയിൽ 80 സെന്റ് അക്വിസിഷനും ബാക്കി 20 സെന്റ് ഭൂമി കൈമാറ്റവുമാണ് നടക്കേണ്ടത്. അക്വിസിഷൻ, കൈമാറ്റ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സൈബർ പാർക്ക് ഭൂമിയിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

പുറക്കാട് ഐ.ടി. പാർക്ക്

270 (615) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറക്കാട് ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly